# വചന വിചിന്തനം

## ആറാം ഞായർ

### ലൂക്കാ 17,11-19

**"സൗഖ്യത്തിന് (അൽഭുതത്തിന്) വേണ്ടി ഒമ്പത് പേർ ദാഹിച്ചപ്പോൾ, രക്ഷയ്ക്ക് വേണ്ടി ദാഹിച്ചത് ഒരുവൻ മാത്രം. അവനെ കർത്താവ് സമൃദ്ധമായി അനുഗ്രഹിക്കുകയും ചെയ്തു!"**

മത്തായിചേട്ടൻ നാട്ടിലെ അറിയപ്പെടുന്ന പ്രമാണിയാണ്. ഒരുപാട് ഭൂസ്വത്തുള്ള പ്രമാണി. എങ്കിലും, മത്തായിചേട്ടൻ അറു പിശുക്കനാണ്. ഒരുപാട് കഷ്ടപ്പെട്ട് പണമുണ്ടാക്കിയത് കൊണ്ടാകാം അഞ്ച് പൈസ പോകുന്നത് മത്തായിച്ചേട്ടൻ ചാകുന്നതു പോലെയാണ്. മക്കളെയൊക്കെ മത്തായിചേട്ടൻ പഠിപ്പിച്ച് ഇന്ന് വലിയ നിലയിലാക്കി. മക്കൾ എന്നു പറഞ്ഞാൽ മത്തായി ചേട്ടന് ജീവനാണ്. അതുകൊണ്ട്, മത്തായി ചേട്ടൻ മക്കളോടൊത്ത് നഗരത്തിലാണ് താമസം. മത്തായി ചേട്ടന് പ്രായമായെങ്കിലും ഇപ്പോഴും പഴയതുപ്പോലെ എല്ലാം തന്നത്താൻ ചെയ്യുന്ന പ്രകൃതമാണ്.

"ദൈവത്തെ സ്തുതിച്ചു കൊണ്ട്" അവൻ തിരിച്ച് വന്നു. ദൈവത്തെ സ്തുതിച്ചത് ദൈവത്തെ സുഖിപ്പിക്കാനല്ല. മറിച്ച്, സുഖം ലഭിച്ച വചനത്തിന് നന്ദി പറയാനാണ്. അവന്, ദൈവം നല്കുന്നത് രക്ഷയും!

അങ്ങനെ ഒരു ദിവസം, മത്തായിചേട്ടൻ നാട്ടിലുള്ള വീടും സ്ഥലവും നോക്കാൻ വന്നു. വന്നപ്പോൾ കണ്ട അവസ്ഥ വീടാകെ മാറാല പിടിച്ച് പുല്ല് കയറി കാട് പിടിച്ച് കിടക്കുന്നു. മത്തായി ചേട്ടന് വലിയ വിഷമമായി. മത്തായിചേട്ടൻ, വീടിന്റെ പിന്നാമ്പുറത്ത് പോയി പഴയ ഒരു കോണി ഇടുത്ത് കൊണ്ട് വന്ന് പണിയാരംഭിച്ചു. ഇതു കണ്ടവരെല്ലാം മത്തായി ചേട്ടനെ പിന്തിരിപ്പിക്കാനും പരിശ്രമിച്ചു. അതിനൊന്നും വഴങ്ങാതെ ഉറച്ച നിശ്ചയദാർഢ്യത്തോടെ പണിയെടുത്ത മത്തായി ചേട്ടൻ നേരം ഇരുട്ടുന്നതിന് മുമ്പ് മക്കളുടെ അടുത്തേയ്ക്കുപോകാനുള്ള തിടുക്കത്തിലാണ്. പക്ഷെ, വിപത്ത് കോണിയുടെ രൂപത്തിലാണ് മത്തായി ചേട്ടനെ പിടികൂടിയത്.

വൈകുന്നേരമായപ്പോൾ, വീടിന്റെ രണ്ടാനിലയിലെ ഓടിന്റെ പുറത്ത് നിന്ന് ഇറങ്ങാൻ നോക്കിയതാണ് മത്തായി ചേട്ടൻ. പക്ഷെ, അറിയാതെ കോണി തെന്നി പോയി. ഭാഗ്യത്തിന് മത്തായിചേട്ടന് ഒന്നും പറ്റിയില്ല. പക്ഷെ, കോണി താഴെക്ക് വീണുപോയി. കോണിയില്ലാതെ ഇറങ്ങാനും പറ്റില്ല. ഇനി എന്തു ചെയ്യും! മത്തായി ചേട്ടൻ മുകളിൽ ഇരുന്ന് ദൈവത്തെ വിളിച്ചു പ്രാർത്ഥിച്ചു, "ദൈവമേ, എന്നെ സഹായിക്കാനായി ആരെയെങ്കിലും അയക്കണമേ!"

പ്രാർത്ഥിച്ച് കണ്ണുതുറക്കുന്നതിന് മുമ്പ് തൊട്ടപ്പുറത്തുകൂടി താൻ ഒരുപാട് സഹായിച്ചിട്ടുള്ള ഔസേപ്പച്ചൻ പോകുന്നത് മത്തായിചേട്ടൻ കണ്ടു. മത്തായിചേട്ടൻ ഉച്ചത്തിൽ ശബ്ദമുയർത്തി ഔസേപ്പുചേട്ടനെ വിളിച്ചു. മത്തായിചേട്ടൻ പുരക്ക് മുകളിൽ ആയതുകൊണ്ടോ, ശബ്ദം വരാത്തത് കൊണ്ടോ, ഔസേപ്പുചേട്ടന് പ്രായമായതുകൊണ്ടോ മത്തായിചേട്ടന്റെ വിളി അദ്ദേഹം കേട്ടില്ല. ഇനി എന്ത് ചെയ്യണം എന്ന് ചിന്തിച്ചുകൊണ്ട് മത്തായി ചേട്ടൻ പുരയ്ക്ക് മുകളിൽ ഇരിക്കുകയാണ്. അപ്പോഴാണ്, ചെത്തുക്കാരൻ ഗോപാലൻ ആ വഴിയെ പോകുന്നത് മത്തായി ചേട്ടൻ കണ്ടത്. മത്തായി ചേട്ടൻ മനസ്സിലുറപ്പിച്ചു. നേരത്തെ ഔസേപ്പ് ചേട്ടനെ വിളിച്ചിട്ട് കേൾക്കാതെ പോയത് പോലെ ഇപ്രാവശ്യം സംഭവിക്കരുത്. മത്തായിചേട്ടൻ പോക്കറ്റൊന്ന് തപ്പിനോക്കി. ഭാഗ്യം! അഞ്ചുരൂപയുടെ ഒരു നാണയം പോക്കെറ്റിലുണ്ട്. മനസ്സില്ലാ മനസ്സോടെയാണെങ്കിലും മത്തായി ചേട്ടൻ തിരുമാനിച്ചു, ഈ നാണയം എറിഞ്ഞുകൊടുത്ത് ചെത്തുക്കാരൻ ഗോപാലന്റെ ശ്രദ്ധ സ്വന്തമാക്കാം. മത്തായി ചേട്ടൻ ചെത്തുക്കാരൻ ഗോപാലന്റെ അടുത്തേയ്ക്ക് തന്റെ കൈയിലുണ്ടായിരുന്ന അഞ്ചുരൂപ നാണയം എടുത്തെറിഞ്ഞു. ഭാഗ്യം! നാണയം കൃത്യമായി ഗോപാലൻ ചേട്ടന്റെ സൈക്കിളിൽ തന്നെ നാണയം ചെന്നു

വീണു. ഗോപാലചേട്ടൻ എന്തോ സൈക്കിളിൽ വന്ന് വീണ ശബ്ദം കേട്ട് നോക്കിയപ്പോൾ അഞ്ചു രൂപയുടെ ഒരു നാണയം. ഗോപാലൻ ചേട്ടന് വലിയ സന്തോഷമായി. ഗോപാലൻചേട്ടൻ ആ അഞ്ച് രൂപാനാണയം പോക്കെറ്റിലിട്ട് സൈക്കിളും ചവിട്ടി പോയി.

മത്തായി ചേട്ടന് വലിയ നിരാശയായ്. ഇനി എന്ത് ചെയ്യും? സമയമാണെങ്കിൽ പോകുന്നു. നേരം ഇരുട്ടി തുടങ്ങി. അങ്ങനെ ഇരിക്കുമ്പോഴാണ്, പള്ളികൂടവും അടച്ച് വരുന്ന ചാക്കോമാസ്റ്ററെ മത്തായി ചേട്ടൻ കാണുന്നത്. ചാക്കോ മാസ്റ്റർ പലപ്പോഴായി പള്ളികൂടത്തന്റെ ഓരോ കാര്യങ്ങൾക്ക് വേണ്ടി സമീപിച്ചപ്പോഴൊന്നും സഹായിക്കാത്തതാണ്. എങ്കിലും എന്താ ചെയ്യുക. ചാക്കോ മാസ്റ്ററെ തന്നെ സഹായത്തിനായ് വിളിച്ചേക്കാം എന്ന് മത്തായി ചേട്ടൻ തിരുമാനിച്ചുറച്ചു. മത്തായി ചേട്ടൻ ഓടിന്റെ മുകളിൽ തങ്ങിയിരുന്ന ഒരു ചെറിയ കല്ലെടുത്ത് ചാക്കോ മാസ്റ്ററുടെ അടുത്തേയ്ക്കിട്ടു. കല്ല് കൃത്യമായി ചെന്നു വീണതോ ചാക്കോ മാസ്റ്ററുടെ മൊട്ട തലയിലും. എവിടെ നിന്നാണ് കല്ല് വീണതെന്നറിയൻ ചാക്കോ മാസ്റ്റർ തല ഉയർത്തി നോക്കിയപ്പോൾ മത്തായിച്ചേട്ടൻ സഹായത്തിനായ് കൈ കൂപ്പി ഓടിൻ പുറത്ത് നിൽക്കുന്നു. ചാക്കോ മാസ്റ്റർ രണ്ടാമതൊന്നു ആലോചിക്കാതെ കോണിയെടുത്ത് ശരിക്ക് വച്ച് മത്തായി ചേട്ടനെ താഴെ ഇറക്കി.

ചില വേദനകളും ക്ലേശങ്ങളും മനുഷ്യനെ കടുത്ത ദൈവ വിശ്വാസിയാക്കി മാറ്റും എന്നതിനുള്ള ഏറ്റവും നല്ല ഉദാഹരണമാണ് ഇന്ന് വായിച്ച് കേട്ട വചനഭാഗം, "പത്ത് കുഷ്ഠരോഗികൾ." "യേശുവേ, ഗുരോ, ഞങ്ങളിൽ കനിയണമേ" (ലൂക്കാ 17,11) എന്നത് അവരുടെ വിശ്വാസത്തിന്റെ പ്രതീകമാണ്. കാരണം, അവർ തിരിച്ചറിഞ്ഞിരുന്നു, തങ്ങളെ ശുശ്രൂഷിക്കാനും പരിചരിക്കാനുമായി ഇനി ആരുമില്ല, ദൈവം മാത്രമാണ് അഭയമെന്ന്. ജറുസലേമിലേയ്ക്കുള്ള യാത്രയിൽ സമരിയായ്ക്കും ഗലീലിയ്ക്കും മദ്ധ്യേ ക്രിസ്തു ആയിരിക്കുമ്പോഴാണ് പത്ത് കുഷ്ഠരോഗികൾ വന്ന് തങ്ങൾക്ക് സൗഖ്യം സമ്മാനിക്കണമേ എന്ന് കർത്താവിനോട് അപേക്ഷിക്കുന്നത്. അവർ ക്രിസ്തുവിനെക്കുറിച്ച് കേട്ടിരുന്നു. അവനിലെ ദൈവികശക്തി തിരിച്ചറിഞ്ഞിരുന്നു. അതുകൊണ്ടാണ് ജറുസലേമിലേയ്ക്കുള്ള യാത്രയിൽ ഗലീലിയ്ക്കും സമരിയാക്കും മദ്ധ്യേയായിരുന്നു ക്രിസ്തുവിനോട് അകലെ നിന്നിരുന്ന കുഷ്ഠരോഗികൾ പ്രാർത്ഥിച്ചത്.

പത്തിൽ ഒമ്പത്
രോഗസൗഖ്യത്തിനുവേണ്ടി
ആഗ്രഹിച്ചപ്പോൾ
ഒന്നുമാത്രം
രക്ഷയക്കുവേണ്ടി
പരിശ്രമിച്ചു.
അവന്റെ പരിശ്രമം
ഫലമണിയുകയും ചെയ്തു!

കുഷ്ഠരോഗികൾ യഹൂദരുടെ കാഴ്ച്ചപ്പാടിൽ അശുദ്ധരായിരുന്നു. അവർക്ക് തങ്ങളുടെ പ്രിയപ്പെട്ടവരോ, ഉറ്റവരോ, ഉടയവരോ ആയി ബന്ധപ്പെടാനോ സംസാരിക്കാനോ അടുത്ത് ഇടപഴുകാനോ അവകാശമില്ലായിരുന്നു. അവർ തിരസ്കൃതരായിരുന്നു. പഴയനിയമത്തിൽ ലേവ്യരുടെ പുസ്തകത്തിൽ നാം ഇപ്രകാരം വായിക്കുന്നു, "കുഷ്ഠം ബാധിക്കുന്നവനെ പുരോഹിതന്റെ അടുക്കൽ കൊണ്ടുപോകണം. പുരോഹിതൻ അവനെ പരിശോധിക്കണം. ശരീരത്തിലെ തടിപ്പും ആ ഭാഗത്തെ രോമവും വെളുത്തിരിക്കുകയും അതിൽ ചലം നിറഞ്ഞിരിക്കുകയും ചെയ്താൽ അത് പഴകിയ കുഷ്ഠമാണ്. അവൻ അശുദ്ധനെന്നു പ്രഖ്യാപിക്കണം. അവനെ പരീക്ഷണാർഥം മാറ്റിത്താമസിപ്പിക്കേണ്ടതില്ല" (ലേവ്യ 13,9 - 11).

സംഖ്യയുടെ പുസ്തകത്തിൽ നാം തുടർന്ന് ഇപ്രകാരം വായിക്കുന്നു, "കർത്താവ് മോശയോട് അരുളിച്ചെയ്തു, കുഷ്ഠരോഗികളെയും, സ്രാവമുള്ളവരെയും, മൃതശരീരം തൊട്ട് അശുദ്ധരായവരെയും, പാളയത്തിൽനിന്നു പുറത്താക്കാൻ ഇസ്രായേൽജനത്തോടു കൽപിക്കുക. ഞാൻ വസിക്കുന്ന പാളയം അശുദ്ധമാകാതിരിക്കാൻ നീ അവരെ, സ്ത്രീയായാലും പുരുഷനായാലും, പുറത്താക്കണം. ഇസ്രായേൽജനം അങ്ങനെ ചെയ്തു. കർത്താവ് മോശയോടു കൽപിച്ചതുപോലെ അവരെ തങ്ങളുടെ പാളയത്തിൽനിന്നു പുറത്താക്കി" (സംഖ്യ 2,1 - 4).

ഇവിടെയാണ് ക്രിസ്തുവിന്റെ സാന്നിദ്ധ്യത്തിന്റെ പ്രത്യേകത. എല്ലാവരാലും അവഗണിക്കപ്പെട്ട്, അശുദ്ധരെന്ന് മുദ്രകുത്തി അകറ്റി നിറുത്തിയ ജനത്തിന്റെ അടുത്തേയ്ക്ക് അവരുടെ ആവശ്യങ്ങളിലേയ്ക്ക് ക്രിസ്തു കടന്ന് ചെല്ലുന്നു. "അകലെ നിന്നിരുന്ന" (ലൂക്കാ 17,12) വരുടെയും നിലവിളി കേൾക്കുന്ന ദൈവമാണ് ക്രിസ്തു.

ആരും തുണയില്ലാത്തവർക്ക് ദൈവം തുണ എന്ന് പറയുന്നതുപ്പോലെ ആ പത്ത് കുഷ്ഠരോഗികൾക്ക് കർത്താവ് തുണയായ് മാറുകയാണ്. ധനവാനും ദരിദ്രനായ ലാസറും, ധനവാന് അവന്റെ ധനം കൂട്ടിരുന്നപ്പോൾ ദരിദ്രന് ദൈവം കൂട്ടിരിക്കുകയാണ്. ഫലമോ, ധനവാൻ മരിച്ച് നിത്യനരകാഗ്നിയിലേയ്ക്ക് വലിച്ചെറിയപ്പെട്ടപ്പോൾ ദൈവം കൂട്ടിരുന്ന ദരിദ്രനായ ലാസർ അബ്രാഹത്തിന്റെ മടിയിലേയ്ക്ക് എടുക്കപ്പെടുകയാണ്. കാരണം, അവൻ (ക്രിസ്തു) "അകലെ നിന്നിരുന്ന" (ലൂക്കാ 17,12) വരുടെയും നിലവിളി കേൾക്കുന്നവനാണ്.

ക്രിസ്തുവിനെ കണ്ട അവർക്ക് ക്രിസ്തുവിന് മുമ്പിൽ സമർപ്പിക്കാൻ ഒറ്റ പ്രാർത്ഥനാ നിയോഗം മാത്രം, "അവർ സ്വരമുയർത്തി യേശുവേ, ഗുരോ, ഞങ്ങളിൽ കനിയണമേ എന്ന് അപേക്ഷിച്ചു" (ലൂക്കാ 17,13). "ഗുരോ, ഞങ്ങളിൽ കനിയണമേ..." ഈ പ്രാർത്ഥന ഇവരുടെ വിശ്വാസത്തിന്റെ പ്രകടനമാണ്. അവരുടെ വിശ്വാസത്തിന് ക്രിസ്തു നൽകുന്ന ഉത്തരമോ, ''പോയി നിങ്ങളെത്തന്നെ പുരോഹിതൻമാർക്കു കാണിച്ചു കൊടുക്കുവിൻ" (ലൂക്കാ 17,14). ഇവിടെയാണ് ഇവരുടെ വിശ്വാസത്തിന്റെ പാരമ്യം നമുക്ക് മനസിലാക്കാൻ സാധിക്കുന്നത്. ഇന്നുവരെ ക്രിസ്തു ചെയ്തിട്ടുള്ള ഒരൽഭുതം പോലും അവർ നേരിട്ട് കണ്ടിട്ടില്ല. ക്രിസ്തുവിനെ കുറിച്ചുള്ള കേട്ടുകേൾവി മാത്രമാണ് അവർക്കുകളളത്. ''നിങ്ങൾ സുഖപ്പെട്ടു. ഇനി നിങ്ങൾ പോയി നിങ്ങളെത്തന്നെ പുരോഹിതൻമാർക്കു കാണിച്ചു കൊടുക്കുവിൻ" എന്നുമല്ല ക്രിസതു പറയുന്നത്. "പോയി നിങ്ങളെത്തന്നെ പുരോഹിതൻമാർക്കു കാണിച്ചു കൊടുക്കുവിൻ" (ലൂക്കാ 17,14). അവർ ക്രിസ്തു പറയുന്നത് പോലെ അവർ അനുസരിച്ചു. ഇതിനെയാണ് വിശ്വാസം എന്നു പറയുന്നത്. അൽഭുതം അരങ്ങേറിയിട്ടില്ല. അൽഭുതം അരങ്ങേറമെങ്കിൽ നിന്റെ സാന്നിദ്ധ്യവും സഹകരണവും നിർബന്ധമാണ്. അവർ ക്രിസ്തുവിനെ അനുസരിച്ചു. ഫലമോ, അവരുടെ ജീവിതത്തിലെ വലിയ പ്രാർത്ഥനയ്ക്ക് ഉത്തരം ലഭിക്കുകയും ചെയ്തു.

പത്തു കുഷ്ഠരോഗികളുടെ കണ്ണുനീര് കർത്താവ്മാത്രമാണ് കണ്ടത്. എന്നിട്ടും, അവരുടെ വലിയ സന്തോഷത്തിൽ കർത്താവിന്റെ സാന്നിദ്ധ്യം ഉറപ്പാക്കാൻ അവർക്ക് സാധിച്ചില്ല!

കർത്താവിൽ നിന്ന് അനുഗ്രഹങ്ങൾ സ്വന്തമാക്കുന്ന 99 % പേരും കർത്താവിനെ പാതിവഴിയിൽ ഉപേക്ഷിക്കുന്നു എന്നതിനുളള ഏറ്റവും നല്ല ഉദാഹരണം കൂടിയാണ് പത്ത് കുഷ്ഠരോഗികളുടെ ജീവിതാനുഭവം. നാട്ടിൽ പറയുന്നതുപ്പോലെ, "പാലം കടക്കുവോളം രാമായണ, പാലം കടന്നാൽ കൂരായണ...കൂരായണ!" പുരോഹിതനെ കാണിക്കാൻ പോകുന്ന വഴിയെ പത്ത് പേരും സുഖപ്പെട്ടു. അൽഭുതകരമായ ഈ രോഗശാന്തിക്ക് മുമ്പിൽ ഒമ്പത് പേരും അനുഗ്രഹം സമ്മാനിച്ച കർത്താവിനെ മറന്നു. അനുഗ്രഹങ്ങളും അൽഭുതങ്ങളും കർത്താവിനെ തിരിച്ചറിയാനും കർത്താവിന്റെ അടുത്തേയ്ക്ക് അടുക്കാനുമുളള മാദ്ധ്യമങ്ങളാണ്. പക്ഷെ, ഇവിടെ ഒരുവൻ മാത്രമാണ് അൽഭുതങ്ങളിലുടെ അടയാളങ്ങളിലൂടെ കർത്താവിന്റെ അടുത്തേയ്ക്ക് അടുക്കുന്നത്. അൽഭുതങ്ങൾ ഒരിക്കലും കണ്ണു മഞ്ഞളിപ്പിക്കുന്നവയായിരിക്കരുത്.

"യേശു ചോദിച്ചു: പത്തുപേരല്ലേ സുഖപ്പെട്ടത്? ബാക്കി ഒൻപതു പേർ എവിടെ? ഈ വിജാതീയനല്ലാതെ മറ്റാർക്കും തിരിച്ചുവന്നു ദൈവത്തെ മഹത്വപ്പെടുത്തണം എന്നു തോന്നിയില്ലേ? അനന്തരം, യേശു അവനോടു പറഞ്ഞു: എഴുന്നേറ്റു പൊയ്ക്കൊള്ളുക. നിന്റെ വിശ്വാസം നിന്നെ **രക്ഷി**ച്ചിരിക്കുന്നു" (ലൂക്കാ 17,17 - 19). അൽഭുതങ്ങളിൽ കണ്ണുകളുടക്കാതെ അൽഭുതങ്ങൾ സമ്മാനിച്ചവനിലേയ്ക്ക് തിരിച്ച് വന്ന് നന്ദി പറഞ്ഞപ്പോൾ ക്രിസ്തു സമ്മാനിച്ചത് രക്ഷ - യാണ്. "Gratitude is the Best Attitude." നന്ദിയുള്ള ഹൃദയമാണ് ഏറ്റവും നല്ല ഹൃദയം. അവരെ, ദൈവം ആകാശത്തിലെ നക്ഷത്രങ്ങൾ പോലെയും കടൽക്കരയിലെ മണൽതരി പോലെയും അനുഗ്രഹിക്കും.

***"കർത്താവു നീതിമാൻമാരുടെ മാർഗം അറിയുന്നു;***
***ദുഷ്ടരുടെ മാർഗം നാശത്തിൽ അവസാനിക്കും."***

സങ്കീ 1,6

ഫാ. ജോബി മേനോത്ത് : +91 944 7777 931